# സർക്കാർ എൽ പി സ്കൂൾ, പുതുപരിയാരം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26




## സ്ഥാപിതം :1918

# ആമുഖം

പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിൽ പാനപ്പന്തൽ എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഈ സർക്കാർ വിദ്യാലയം 106 വർഷം പിന്നിട്ടിരിക്കുന്നു. ആയിരക്കണക്കിന് കുട്ടികൾക്ക് വിദ്യ പകർന്നു കൊടുത്ത ഈ സ്ഥാപനത്തിൽ ഇപ്പോൾ എൽ പി ക്ലാസുകളിൽ 46 വിദ്യാർത്ഥികൾ പഠിക്കുന്നു. പി ടി എ ആരംഭിച്ച പ്രീ പ്രൈമറിയിൽ 46 കുട്ടികൾ ഉണ്ട്.

ഭൗതിക സൗകര്യങ്ങളുടെ കുറവ് വിദ്യാലയത്തിന്റെ വളർച്ചയെ സാരമായി ബാധിക്കുന്നുണ്ട്. സ്വന്തമായി സ്ഥലവും കെട്ടിടവും എന്ന സ്വപ്നം ഈ വർഷമെങ്കിലും യാഥാർത്ഥ്യമാകട്ടെ എന്ന് ആശിക്കുന്നു.

കുട്ടികൾക്ക് സ്വതന്ത്രമായി ചിന്തിക്കാനും ആശയവിനിമയം നടത്താനുമുള്ള അവസരങ്ങൾ ലഭിക്കുന്നതിലൂടെയാണ് കുട്ടികളുടെ മാനസിക വൈകാരിക വളർച്ച സാധ്യമാകുന്നത്. അതിനുള്ള അവസരങ്ങൾ പ്രധാനം ചെയ്യുന്ന തരത്തിലുള്ള ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ ആണ് വിദ്യാലയം തയ്യാറാക്കിയിട്ടുള്ളത്.

ഓരോ കുട്ടിക്കും പ്രത്യേകം പരിഗണന ലഭിക്കുന്ന തരത്തിൽ പ്രവർത്തനങ്ങൾ നൽകി പഠന വിടവുകൾ പരിഹരിച്ച് അതാതു വർഷം നേടേണ്ട ശേഷികൾ നേടുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സഹായകമാകും

# ലക്ഷ്യങ്ങൾ

- ➔ ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ➔ ഓരോ കുട്ടിയിലും ഉള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാൻ ആവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- ➔ കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കി കൊടുക്കുക.
- ➔ പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്ക് ആവശ്യമായ ക്ലാസുകളും പഠന തന്ത്രങ്ങളും ആവിഷ്കരിക്കുക.
- ➔ എല്ലാ ക്ലാസിലും ഐ സി ടി സാധ്യത ഉറപ്പുവരുത്തുക.
- ➔ വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതിക അന്തരീക്ഷം മാറ്റിയെടുക്കുക.
- ➔ മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക.
- ➔ ലഘു പഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ,വിദഗ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ, പ്രോജക്ടുകൾ തുടങ്ങിയ പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- ➔ പുതിയ തലമുറയിൽ കൃഷിയോടുള്ള താല്പര്യം വളർത്തുക.
- ➔ ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും കുട്ടികളെ അകറ്റുക അതിന്റെ ദൂഷ്യഫലങ്ങളെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക.
- ➔ ജൈവ വൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക
- ➔ മാലിന്യ സംസ്കരണത്തിന് സാധ്യമായ വിവിധ മാർഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക .
- ➔ കുട്ടികളിലെ കായികക്ഷമത ഉറപ്പാക്കുന്നതിന് ആവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ➔ സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

# അധ്യാപകരും ജീവനക്കാരും

| | |
|---|---|
| സുധീർ എം യു | പ്രധാനാധ്യാപകൻ, രണ്ടാം ക്ലാസ്സ്, സ്പോർട്സ്, അസംബ്ലി, ശുചിത്വം, സയൻസ് ക്ലബ്ബ് |
| സ്മിത എം മാത്യു | സ്റ്റാഫ് സെക്രട്ടറി, മൂന്നാം ക്ലാസ്സ്, വിദ്യാരംഗം, ഗണിത ക്ലബ്ബ് |
| ജയശ്രീ കെ | ഉച്ചഭക്ഷണം, ഒന്നാം ക്ലാസ്സ്, ഐ ടി, ഇംഗ്ലീഷ് ക്ലബ്ബ് |
| ജീജ എ | എസ് ആർ ജി കൺവീനർ, നാലാം ക്ലാസ്സ്, ദിനാചരണങ്ങൾ, കാർഷിക ക്ലബ്ബ് |
| ഐഷാബി പി എ | അറബിക്, ഐ ഇ ഡി സി, മേളകൾ, അറബിക് ക്ലബ്ബ് |
| അബ്ദുൾ റഹിമാൻ എം | പി ടി സി എം |
| ബേബി കെ | കുക്ക് |

# അക്കാദമികം

## നേട്ടങ്ങൾ

- മികച്ച അധ്യാപക- വിദ്യാർത്ഥി, അധ്യാപക -രക്ഷാകർതൃ ബന്ധം
- മികച്ച ലൈബ്രറി സൗകര്യം
- അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം
- പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികളുടെ രക്ഷിതാക്കളുമായി സംവദിച്ച് പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ
- സർഗാത്മക വേദികൾ ആശയപ്രകടന വേദികൾ കലാകായിക മത്സരവേദികൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം
- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ,ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പിലാക്കുന്നു.
- ക്ലബ്ബുകളുടെ മികച്ച പ്രവർത്തനം
- എല്ലാ കുട്ടികൾക്കും സാമൂഹിക പിന്തുണയോടെ പഠനോപകരണങ്ങൾ ലഭ്യമാക്കുന്നു

# പരിമിതികൾ

- ഭൗതിക സാഹചര്യം വളരെ കുറവ്
- കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്
- കായിക പരിശീലനത്തിന് കളിസ്ഥലം, കളി സാമഗ്രികൾ ഇല്ല
- പ്രത്യേകം പ്രത്യേകം ക്ലാസ് മുറികൾ ഇല്ല
- വായനയ്ക്ക് നല്ല പ്രോത്സാഹനം നൽകുന്നുവെങ്കിലും പരന്ന വായനയുടെ കുറവ് അനുഭവപ്പെടുന്നുണ്ട്
- സ്മാർട്ട് ക്ലാസ് റൂം, സ്വതന്ത്ര വായനയ്ക്ക് ഉതകുന്ന ലൈബ്രറി സൗകര്യങ്ങൾ ഇല്ല

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഏജൻസി | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക, വായന പ്രോത്സാഹിപ്പിക്കുക | പുസ്തകങ്ങൾ ക്ലാസ് റൂം വായനാമൂലയിലും സ്കൂൾ ലൈബ്രറിയിലും കുട്ടികളെ പരിചയപ്പെടുത്തുന്നതിനായി സജ്ജീകരിക്കുക. ഗ്രന്ഥശാല സന്ദർശനം | 2025 -26 ജൂൺ -മാർച്ച് | ക്ലാസ് ടീച്ചർ | |
| ഭാഷാപരമായ അടിസ്ഥാന ശേഷി കൈവരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു ഉപയോഗിക്കുന്നു കുട്ടികൾക്ക് ഏത് സമയത്തും വന്ന് വായിക്കാൻ പറ്റുന്ന രീതിയിൽ വായനാമൂല സജ്ജീകരിക്കുന്നു വിവിധ നിലവാരക്കാർക്ക് അനുയോജ്യമായ പുസ്തകങ്ങൾ ലഭ്യമാക്കുന്നു | 2025-26 | | |
| വായനാശീലം വർദ്ധിപ്പിക്കൽ | ഓരോ ക്ലാസിലും എല്ലാ വെള്ളിയാഴ്ചയും ഒരു പുസ്തകം നൽകുന്നു അടുത്ത ആഴ്ച പുസ്തകപരിചയം മത്സരം ക്ലാസിൽ സംഘടിപ്പിക്കുന്നു | 2025 സെപ്റ്റംബർ മുതൽ | ക്ലാസ് ടീച്ചർ | |
| കുട്ടികൾക്ക് സർഗാത്മക രചനകൾക്കുള്ള അവസരം ഒരുക്കുന്നു | കുട്ടികൾ ആഴ്ചയിൽ ഡയറിക്കുറിപ്പ് തയ്യാറാക്കുന്നു വായിച്ച് അവതരിപ്പിക്കുന്നു | 2025 -26 ജൂൺ -മാർച്ച് | | |
| പുതിയ പദങ്ങൾ പരിചയപ്പെടുന്നതോടൊപ്പം അതിന്റെ അർത്ഥം മനസ്സിലാക്കുക | ഓരോ പാഠഭാഗത്തിനു ശേഷവും അതിലെ പുതിയ പദങ്ങൾ ഉൾക്കൊള്ളിച്ച് പദ വൃക്ഷം നിർമ്മിക്കുക | ജൂൺ -മാർച്ച് | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| എല്ലാ കുട്ടികളെയും ആശയ ഗ്രഹണ വായനയ്ക്കും എഴുത്തിനും പ്രാപ്തരാക്കുക | കുട്ടികൾ വായിച്ച ചെറിയ വായന പുസ്തകങ്ങളെ കുറിച്ച് വായനാക്കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കാൻ കുട്ടികൾക്ക് അവസരം ഒരുക്കൽ | ആഗസ്റ്റ്-മാർച്ച് | ക്ലാസ് ടീച്ചർ | |
| എല്ലാ കുട്ടികളെയും ഉൾക്കൊള്ളിച്ചുകൊണ്ട് അവരുടെ ഭാഷാപ്രകടനങ്ങൾ കാഴ്ച വെക്കുന്നതിന് വേദിയൊരുക്കൽ | ബാലസഭ സംഘടിപ്പിക്കൽ | മാസത്തിലൊന്ന് എന്ന ക്രമത്തിൽ | അധ്യാപകർ | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഏജൻസി | സാമ്പത്തികം |
|---|---|---|---|---|
| ശിശു സൗഹൃദ പഠനസാമഗ്രി ഉറപ്പാക്കുക | ഗണിതലാബ് ശക്തികരണം ഗണിത കിറ്റ് ഓരോ കുട്ടിക്കും | 2025-26 ജൂൺ-ഡിസംബർ | പി ടി എ, എസ് എം സി | |
| ഓരോ ക്ലാസിലും കുട്ടി നേടേണ്ടതായ പഠന നേട്ടങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | ഓരോ യൂണിറ്റിലേയും പഠന നേട്ടങ്ങൾ ഉൾക്കൊള്ളിച്ച് വർക്ക്ഷീറ്റ് നിർമ്മിക്കൽ, ഗണിത സ്കിറ്റ്, പസ്സിലുകൾ | 2025-26 ഓരോ ടേമിന്റെയും തുടക്കത്തിൽ | എസ് ആർ ജി | |
| അടിസ്ഥാന ഗണിത നൈപുണി കുട്ടിക്ക് സ്വായത്തമാക്കുന്നതിന് | എല്ലാ ക്ലാസിലും ഗണിത മൂലകൾ സജ്ജീകരിക്കൽ | ജൂലൈ | ക്ലാസ് ടീച്ചർ | |
| ഗണിത പഠനം കൂടുതൽ രസകരമാക്കുന്നതിനും ഗണിത പുസ്തകങ്ങൾ പരിചയപ്പെടുന്നതിനും | ഗണിത മാഗസിൻ ഗണിതശാസ്ത്രമേള സ്കൂൾതലം ചോദ്യോത്തര പെട്ടി കുസൃതി കണക്കുകൾ | ആഗസ്റ്റ് മാർച്ച് | പിടിഎ ഗണിത ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| ഗണിത കളി ഗണിതാ അസംബ്ലി ഓർഗാമി പാട്ട് എന്നിവ അറിയൽ | ആഴ്ചയിൽ ഒരു ഗണിത അസംബ്ലി ഗണിത ഗെയിം കോർണർ | 2025 26 ജൂൺ മാർച്ച് | എസ് ആർ ജി എസ് എസ് ജി ഗണിത ക്ലബ്ബ് | |

# ENGLISH

- Enable children to read independently
- Enable children to write independently
- Utilize IT capabilities for English language development
- Enable children to communicate confidently
- Conduct English assembly
- Provide simple English books
- Organize English fest

## പരിസര പഠനം

✔ ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക
✔ കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വികസിപ്പിക്കുക
✔ പഠനയാത്രകൾ സംഘടിപ്പിക്കുക
✔ ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ അറിവുകൾ കുട്ടികളിൽ എത്തിക്കുക
✔ പരീക്ഷണങ്ങൾ ചെയ്യാനും നിഗമനങ്ങൾ രൂപീകരിക്കാനും കുട്ടിയെ പ്രാപ്തനാക്കുക
✔ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ പഠനത്തിന് പ്രയോജനപ്പെടുത്തുക

## ഐ സി ടി

- പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ ഐസിടിയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുന്നു
- കുട്ടികൾക്ക് സ്വതന്ത്രമായി കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുന്നു
- വിവരസാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗപ്പെടുത്തി കൊണ്ടുള്ള പഠന പ്രവർത്തനങ്ങൾ കുട്ടികൾക്ക് ആസ്വാദ്യകരമാകുന്ന വിധം ആസൂത്രണം ചെയ്യുന്നു

## പ്രവർത്തിപരിചയം

■ കുട്ടികളിലെ നിർമ്മാണാത്മക കഴിവുകൾ കണ്ടെത്തി അത് പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനങ്ങൾ നൽകുന്നു

## കലാ പരിശീലനം

◆ കുട്ടികളിലെ വ്യത്യസ്ത കലാഭിരുചികളെ കണ്ടെത്തി ആ മേഖലകളെ വളർത്തുന്നതിന് ആവശ്യമായ പരിപാടികൾ, പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു

◆ സർഗ്ഗാത്മക രചനാ മത്സരങ്ങൾ നടത്തുന്നു

◆ മികവുറ്റ രീതിയിൽ ബാലസഭ നടത്തുന്നു

## ആരോഗ്യ കായിക വിദ്യാഭ്യാസം

■ കുട്ടികൾക്ക് മികച്ച പോഷക ഗുണങ്ങളുള്ള ആഹാരം ലഭ്യമാക്കുന്നു.

■ സ്കൂളിൽ ചെടികൾ നട്ടും പച്ചക്കറികൾ കൃഷി ചെയ്തും ഹരിതാഭമാക്കുന്നു

■ കുട്ടികൾക്ക് ആരോഗ്യ ശുചിത്വ ശീലങ്ങൾ വളർത്തുന്നു.

■ കായിക ക്ഷമത വർധിപ്പിക്കാൻ കുട്ടികൾക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകുന്നു.

# അറബിക്

- അക്ഷര മരം, അക്ഷര കാർഡ്, വായന കാർഡ്, ഐ സി ടി സാധ്യത എന്നിവ ഉപയോഗിച്ച് മുഴുവൻ കുട്ടികളെയും അറബി അക്ഷരങ്ങളും ശരിയായ ഉച്ചാരണവും ആശയവും മനസ്സിലാക്കി വായിക്കുന്നതിന് പ്രാപ്തരാക്കുക

- വായന, എഴുത്ത്, ഭാഷ കളികൾ, അറബി അസംബ്ലി, വിവിധ മത്സരങ്ങൾ എന്നിവയിലൂടെ ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കുക

- വൈവിധ്യമാർന്ന വർക്ക് ഷീറ്റുകൾ നിർമ്മിച്ച് നൽകുക

- ദിനാചരണങ്ങളിലൂടെ വൈവിധ്യമാർന്ന പഠനാനുഭവങ്ങൾ സൃഷ്ടിക്കുക

- അന്താരാഷ്ട്ര അറബി ഭാഷാ ദിനത്തിന്റെ പ്രാധാന്യവും അറബിഭാഷയുടെ സൗന്ദര്യവും സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും അറിയാനും ആസ്വദിക്കുവാനും ഉള്ള അവസരം ഒരുക്കുക